## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1647**   **14.07. 2016 ൽ മറുപടിക്ക്**

### കെ.എസ്. ഇ.ബി. യിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

**ചോദ്യം**

ശ്രീ. കെ.കുഞ്ഞിരാമൻ

**ഉത്തരം**

ശ്രീ.കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി.യിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കു - ന്നുണ്ടെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ:<br>(ബി) ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ & ബി) ജില്ലാടിസ്ഥാനത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി മസ്ദൂർ തസ്തികയിലാണ് നിയമനം നടത്തുന്നത്. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.<br>സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) എന്നീ വിഭാഗങ്ങളിൽ ഉള്ള ഒഴിവുകൾ സംസ്ഥാനാടിസ്ഥാനത്തിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊമോഷൻ വഴി നികത്തേണ്ട ഒഴിവുകളും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ ചില തസ്തികകളിൽ കോടതിയിൽ നിലവിലുള്ള വ്യവഹാരങ്ങൾ മൂലം പ്രൊമോഷൻ നൽകുന്നതിന് തടസ്സം ഉണ്ട്. ഇതോടൊപ്പം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ വിവിധ തസ്തികകളിലെ ജീവനക്കാരുടെ എണ്ണം, പുനർവിന്യാസം എന്നിവയെക്കുറിച്ച് IIM, കോഴിക്കോട് പഠന റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇത് കെ.എസ്.ഇ.ബി പരിശോധിച്ചു വരികയാണ്. ഇവയുടെ എല്ലാം അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ആവശ്യമായ തസ്തികകൾ നിർണ്ണയിക്കേണ്ടതുണ്ട്. അപ്രകാരം തസ്തികകളുടെ എണ്ണം നിശ്ചയിച്ചശേഷമേ ഒഴിവുകൾ കൃത്യമായി കണക്കാക്കാൻ കഴിയൂ. |
| (സി) ജില്ലയിലെ വിവിധ കെ.എസ്. ഇ.ബി ഓഫീസുകളിൽ ദിവസക്കൂലി അടിസ്ഥാനത്തിലും കരാർ വ്യവസ്ഥ യിലും നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് ഓഫീസ് തിരിച്ച് പ്രത്യേകം പ്രത്യേകം വിശദമാ- ക്കാമോ? | (സി) കാസർഗോഡ് ജില്ലയിലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഓഫീസുകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ആരും ജോലി ചെയ്യുന്നില്ല. ഈ ഓഫീസുകളിൽ അടിയന്തിര ഘട്ടങ്ങളിൽ മാത്രം ചില പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ചെയ്യിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ